ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് 30-6-2015 വരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) 35-ാം ദേശീയ ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിന്റെ പരിശീലനത്തിനായി ആവശ്യമായ കായിക ഉപകരണങ്ങൾ സംസ്ഥാന അസോസിയേഷനുകൾ മുഖേന വാങ്ങിയ ഇനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1.	ആർച്ചറി കായിക ഉപകരണങ്ങൾ	- 55,80,924 രൂപ
2.	ബാഡ്മിന്റൺ ഷട്ടിൽ	- 3,42,000 രൂപ
3.	റൈഫിൾ കായിക ഉപകരണങ്ങൾ	- 21,92,163 രൂപ
4.	ഫെൻസിംഗ് കായിക ഉപകരണങ്ങൾ	- 10,53,325 രൂപ
	ആകെ	- 91,68,412 രൂപ

ഇതിനുപുറമെ നാല് സൈക്കിളുകൾ വാങ്ങിയതിന് സംസ്ഥാന സൈക്ലിംഗ് അസോസിയേഷന് 9,60,000 രൂപ നൽകുവാനുണ്ട്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ സാമഗ്രികൾ വാടകയ്ക്കെടുക്കുന്നതിനുമായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ചെലവഴിച്ച തുകയുടേയും മറ്റും വിശദാംശം അനുബന്ധം -2-ൽ ചേർത്തിട്ടുണ്ട്.*

വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) വിശദാംശം അനുബന്ധം 1-ൽ കാണാവുന്നതാണ്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പിലെ അഴിമതി

213 (4548) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ അഴിമതി ആരോപിച്ച് വിവിധ കമ്മിറ്റികളിൽ നിന്നും എത്ര എം.എൽ.എ. മാർ രാജിവച്ചിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്നും രാജിവച്ച എം.എൽ.എ.-മാർ ആരൊക്കെയാണ് ; പാർട്ടി തിരിച്ച് വിശദാംശം നൽകാമോ ?

ഉത്തരം

(എ & ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി നടന്ന അന്വേഷണങ്ങൾ

214 (4549) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് ലോക്കൽ ഫണ്ട് വകുപ്പിന്റെ പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോയെന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ദേശീയ ഗെയിംസുമായി ആരോപിച്ച ക്രമക്കേടുകൾ സംബന്ധിച്ച് സി.ബി.ഐ. നടത്തിയ അന്വേഷണത്തിൽ ആവശ്യപ്പെട്ട മുഴുവൻ രേഖകളും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അധികൃതർ നൽകിയിരുന്നോയെന്ന വിശദമാക്കുമോ ?

ഉത്തരം

(എ & ബി) 35-ാമത് ദേശീയ ഗെയിംസിന്റെ വരവുചെലവു കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) സി.ബി.ഐ. ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ട് സി.ബി.ഐ. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

സ്പോർട്സ് ക്വാട്ടാ നിയമനം

215 (4550) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ വർഷവും എത്ര കായികതാരങ്ങൾക്കാണ് സർക്കാർ സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly